**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 534** **28-06-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകുകയും സർക്കാർ നിർദ്ദേശ പ്രകാരം കെട്ടിട നിർമ്മാണത്തിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ PMC ആയി തിരഞ്ഞെടുത്തിട്ടുള്ളതുമാണ്. നിലവിൽ കെട്ടിടത്തിന്റെ ടൈൽ വർക്കുകൾ, പെയിന്റിംഗ് വർക്കുകൾ, ഇലക്ട്രിക്കൽ കേബിൾ വർക്കുകൾ എന്നിവ പുരോഗമിക്കുന്നു.<br><br>കോവിഡ് മഹാമാരി കാരണമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളും നിർമ്മാണ പ്രവർത്തനങ്ങളുടെ മെല്ലെപ്പോക്കുമാണ് കാലതാമസത്തിനു കാരണമായിട്ടുള്ളത്. കാലതാമസം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഇൻകെൽ ലിമിറ്റഡ് ജനറൽ മാനേജർ, ഇൻകെൽ ലയസൺ ഓഫീസർ, ട്രഷറി ഡയറക്ടറേറ്റിലെ TIDP സെക്ഷൻ എന്നിവരെ ഉൾക്കൊള്ളിച്ച് യോഗം വിളിക്കുകയും ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മിതിയിൽ നേരിടുന്ന കാലതാമസത്തെ കുറിച്ച് ചർച്ച ചെയ്യുകയും വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും വർക്ക് ഷെഡ്യൂൾ പ്രകാരം ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഈ വിഷയത്തിലെ പുരോഗതി നിരന്തരം ഇൻകെൽ ലിമിറ്റഡുമായി ബന്ധപ്പെട്ട് വിലയിരുത്തുകയും ചെയ്തു വരുന്നു. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഇൻകെൽ |

| | | | |
|---|---|---|---|
| | | | ലിമിറ്റഡുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനു സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ച് എപ്പോൾ ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ? | (ബി) | നാല് മാസത്തിനുള്ളിൽ പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ